LIBRARY ARCHIVES Kerala Legislative Assembly

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(ഡി) ഭരണാനുമതി നൽകുന്നതിനപ്പുറം നിർവ്വഹണം നടന്നിട്ടില്ലാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അവലോകനം ചെയ്യുകയുണ്ടായോ ; വിശദമാക്കാമോ ;

(ഇ) പദ്ധതി അടങ്കലിന്റെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ; ഇത് മുൻവർഷം എത്ര ശതമാനമായിരുന്നു ; വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് നവംബർ മാസം ധനകാര്യ വകുപ്പ് അവലോകനം നടത്തിയിരുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകൾ നടപടികൾ സ്വീകരിച്ച് വരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ വിവിധ വകുപ്പുകൾവഴി നടപ്പിലാക്കുന്നതിലേയ്ക്കായി ഏതാണ്ട് മുന്നൂറ്റി ഇരുപത്തിയഞ്ചോളം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഇതിൽ ഇരുനൂറ്റിയമ്പതോളം പുതിയ പദ്ധതികളാണ്. പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി പുറപ്പെടുവിക്കുകയും നിർവ്വഹണം ആരംഭിക്കുകയും അവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. മറ്റുള്ളവ ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഇ) താൽക്കാലിക കണക്കുകൾ അനുസരിച്ച് 2013 ഫെബ്രുവരി 28 വരെ നടപ്പുസാമ്പത്തിക വർഷത്തെ മൊത്തം പദ്ധതിയടങ്കലിന്റെ 54 ശതമാനം തുക ചെലവായിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം മൊത്തം പദ്ധതിയടങ്കലിന്റെ 98 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

### സമൂഹനന്മ ലക്ഷ്യംവച്ച് പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ

24 (*24) ശ്രീ. പി. കെ. ബഷീർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്റും സംസ്ഥാന നിയമസഭയും സമൂഹനന്മ ലക്ഷ്യംവച്ച് പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ ശരിയായി നടപ്പാക്കാത്തത് സംബന്ധിച്ച് ഹൈക്കോടതിയും സുപ്രീം കോടതിയും ആവർത്തിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുക, പൊതുമുതലും സ്വകാര്യമുതലും നശിപ്പിക്കുക, മോട്ടോർ വാഹന നിയമങ്ങൾ പാലിക്കാതിരി

ക്കുക എന്നിവയ്ക്കെതിരെയെല്ലാം കോടതികളുടെ ഇടപെടലും കോടതി അലക്ഷ്യനടപടികളും അനിവാര്യമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് നിയമനടത്തിപ്പ് കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ & ബി) ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുക, പൊതുമുതലും സ്വകാര്യ മുതലും നശിപ്പിക്കുക, മോട്ടോർ വാഹന നിയമങ്ങൾ പാലിക്കാതിരിക്കുക എന്നിവയ്ക്കെതിരെയെല്ലാം കോടതികളുടെ പരാമർശങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ശക്തമായ നിയമനടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്. പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ റോഡുകൾ, ഫുട്പാത്തുകൾ, പൊതുവഴികൾ, ജംഗ്ഷനുകൾ എന്നിവിടങ്ങളിൽ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തി കച്ചവടങ്ങൾ, യോഗങ്ങൾ, ജാഥകൾ, സഭകൾ, പ്രകടനങ്ങൾ എന്നിവ നടത്തുന്നത് 18-2-2011-ൽ നിലവിൽവന്ന കേരള പൊതുവഴികൾ (സംഘം ചേരലും ജാഥകളും നിയന്ത്രണ) നിയമപ്രകാരം നിയന്ത്രിച്ച് നിരോധിച്ചിട്ടുണ്ട്. എന്നിരുന്നാലും ബന്ധപ്പെട്ട ഹൈക്കോടതി ഉത്തരവുകൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി നിലവിലുള്ള നിയമങ്ങളും കേരളാ പോലീസ് ആക്ടിലെ 76, 79 വകുപ്പുകളും അനുസരിച്ച് പൊതുയോഗങ്ങളും ജാഥകളും മതപരവും ദേശീയവുമായ ഉത്സവങ്ങളും നിയന്ത്രിച്ചുവരുന്നു. മതപരവും ദേശീയവുമായ ഉത്സവങ്ങൾ, പൊതുയോഗങ്ങൾ, ജാഥകൾ എന്നിവ നടത്തപ്പെടുമ്പോൾ പൊതുവഴികൾ പൂർണ്ണമായും തടസ്സപ്പെടുന്നില്ലെന്നും റോഡിന്റെ ഒരുവശം ഗതാഗതത്തിനും സഞ്ചാരത്തിനുമായി സുസജ്ജമാണെന്നും പോലീസ് മേധാവികൾ ഉറപ്പുവരുത്തുന്നുണ്ട്.

പൊതുമുതലും സ്വകാര്യമുതലും നശിപ്പിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ജാഥകൾ, ഹർത്താലുകൾ തുടങ്ങിയവ നടത്തപ്പെടുമ്പോൾ ജില്ലാ പോലീസ് മേധാവിമാർ അവ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും പൊതുമുതലുകൾക്കും സ്വകാര്യ മുതലുകൾക്കും നഷ്ടം വരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ പ്രകടനങ്ങളുടെ വീഡിയോ റെക്കോർഡ് ചെയ്ത് വിലയിരുത്തുകയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ, പി.ഡി.പി.പി. ആക്ട് എന്നിവ അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവരെ വാഹന പരിശോധനകളിലൂടെ കണ്ടെത്തുകയും അവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വാഹനങ്ങളിലെ സൺഫിലിം നീക്കം ചെയ്യണമെന്നുള്ള സുപ്രീം കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിയും ശക്തമായ വാഹന

LIBRARY ARCHIVES Kerala Legislative Assembly

പരിശോധന നടത്തിയും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് നിയമനടത്തിപ്പ് ഫലപ്രദമായിത്തന്നെ നടപ്പിലാക്കി വരുന്നു. ഇത് കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. കൂടാതെ ക്രമസമാധാനപാലനവും അന്വേഷണ വിഭാഗവും വേർതിരിച്ച് നിയമ പരിപാലനം ശക്തമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടിയെന്ന നിലയിൽ തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## എയർ കേരള

25 (*25) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരളയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര സർവ്വീസുകൾ എന്നുമുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര വിമാനങ്ങൾ ആദ്യഘട്ടത്തിൽ വാങ്ങുകയുണ്ടായി ;

(സി) കേന്ദ്രസർക്കാരിന്റെ നിലവിലുള്ള എന്തെല്ലാം നിബന്ധനകളിൽ ഇതിനായി ഇളവ് നൽകാൻ സംസ്ഥാനം ആവശ്യപ്പെടുകയുണ്ടായി ; ലഭിച്ച ഇളവുകൾ എന്തെല്ലാം ; വിശദമാക്കാമോ ;

(ഡി) എയർ കേരളയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് ; ആകെ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ; വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) കൃത്യമായ സമയം വ്യക്തമാക്കുവാൻ നിവൃത്തിയില്ല.

(ബി) വിമാനങ്ങൾ വാങ്ങിച്ചിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസ് നടത്തുന്നതിന് ആഭ്യന്തര സർവ്വീസ് നടത്തിയുള്ള 5 കൊല്ലത്തെ പ്രവർത്തന പരിചയവും 20 വിമാനങ്ങളും വേണമെന്ന നിബന്ധനകൾക്കാണ് ഇളവുകൾ ആവശ്യപ്പെട്ടത്. ഇതുവരെ ഇളവുകൾ ലഭിച്ചിട്ടില്ല.

(ഡി) 'എയർ കേരള' യ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ അന്തിമരൂപം തയ്യാറായ ശേഷമേ പ്രവർത്തനച്ചെലവ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly